Talented Bankers Literary Panel
പുസ്തകപരിചയം 109

പുസ്തകം പരിചയപ്പെടുത്തുന്നത്
വിനു വിജയൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
RASMECC, കൊട്ടാരക്കര.

**തെണ്ടിവർഗം**
**കഥാകാരൻ :തകഴി**

യാത്രകൾക്കിടയിൽ മരച്ചുവട്ടിൽ നിങ്ങൾ അവരെ കണ്ടിട്ടുണ്ട്.. ശീതീകരിച്ച വാഹനത്തിൽ ഇരുന്നു നിങ്ങളവരെ ശ്രദ്ധിക്കാതെ പോയിട്ടുണ്ട്.
മരത്തണലിൽ ചെമ്പിച്ച തലമുടിയും മണ്ണോളം മൺ നിറമാർന്ന മുഷിഞ്ഞ വേഷത്തിൽ.. നഗ്നത ഒരു നൂൽ ചരട് കൊണ്ട് പോലും മറയ്ക്കാത്ത മൂക്കട്ട ഒലിക്കുന്ന ബാല്യങ്ങളെ നിങ്ങൾ അറപ്പോടെ കണ്ടിട്ടുണ്ട്.. നിറവയർ താങ്ങി കഞ്ഞി കലത്തിൽ തവ ഇളക്കുന്ന സ്ത്രീത്വത്തെ നിങ്ങൾ കണ്ടിട്ടുണ്ട്.. ചുമച്ചു ചോര തുപ്പുന്ന വൃദ്ധരെ അക്കൂട്ടത്തിൽ നിങ്ങൾ കണ്ടിട്ടുണ്ട്.. മാറോടു ഒതുങ്ങി തളർന്നു മയങ്ങുന്ന പൈതങ്ങളെ നിങ്ങൾ കണ്ടിട്ടുണ്ട്.. നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ അവർ മേൽക്കൂരയെ കുറിച്ച് ആശങ്കപ്പെടാത്തവർ ആണ്.. വീട്ടിൽ ഒരു പക്ഷെ നിങ്ങൾ അത്തരക്കാർക്കു ഒരല്പം ആഹാരം കൊടുത്തിട്ടുണ്ടെങ്കിൽ അത് ഏറ്റവും മോശം പത്രത്തിലാവും.. ഒരു പക്ഷെ ആ ഊട്ടിന് ശേഷം അപ്പാത്രം ശ്വാന നാവു തട്ടി ഉരഞ്ഞിട്ടുണ്ടാകാം.. അതെ.. തെണ്ടി വർഗ്ഗങ്ങൾ..

എങ്കിൽ വരൂ.. കാലാതീതമായി നമുക്ക് നേരെ നീളുന്ന തകഴിയുടെ, വാർദ്ധക്യം ചുളുക്കിയ, ബീഡിക്കറ പതിഞ്ഞ കൈകളിൽ പിടിക്കൂ.. നമുക്ക് അവർക്കിടയിലേക്ക് പോകാം.. തെണ്ടി വർഗ്ഗത്തിന്റെ...

ആ മരച്ചോട്ടിൽ കുടിയിറക്കപ്പെട്ട കൃഷിവലന്റെ കുടുംബം.. അയാൾ തെണ്ടാൻ പോയ ചെറുമക്കളെ കാത്തിരിക്കുന്നു..
അക്കരേപ്പാടത്തിലേക്കു എന്ന പോലെ അയാൾ കൂക്കി വിളിക്കുന്നു..
അധ്വാനിച്ചു ഉണ്ട് ഉറങ്ങിയ നാളുകൾ ഓർത്തു കരയുന്നു..

ആ അമ്മ..കർഷകന്റെ മകൾ.. അന്നം തെണ്ടാൻ പോയി മടങ്ങി വരാത്ത മകനെ ഓർത്തു പിടയുന്നു.അന്തിയോളം ഇരന്നു കിട്ടുന്ന ചക്രത്തേക്കാൾ കൂടുതൽ ഇരുളിൽ തന്റെ ശരീരം നൽകുമെന്ന് പഠിച്ച തന്റെ മകളുടെ പ്രസവ വേദനയും മരണത്തിന്റെ വായിൽ പിടയുന്ന

അച്ഛനും ഒരു മരത്തിന്റെ ഇരുവശങ്ങളിൽ..

ചത്തു മരവിച്ച ആ അമ്മയും, അവളുടെ മകളുടെ പാൽ ചുരത്താത്ത മുലകളും, അത് വലിച്ചു കുടിച്ചു വിശപ്പ് മാറാത്ത കുഞ്ഞും, കുഞ്ഞിന് പാൽ ചുരത്തി കിട്ടാൻ തെണ്ടികളോട് തന്നെ അന്നം തെണ്ടുന്ന അവളും, അവളുടെ അഴുകി തുടങ്ങുന്ന ശവത്തിൽ ചുരക്കുന്ന മുലകളെ കാക്കുന്ന കുഞ്ഞും.

കേശു.. നഷ്ടപ്പെടലുകളിൽ തകരാതെ മുന്നോട്ടു പോകുക.. പ്രതീക്ഷ ഏതുമില്ലാതെ..കൺമുന്നിൽ കാണാതാകുന്ന ബന്ധങ്ങൾ, ചുറ്റിലും വിരിയുന്ന പരിഹാസങ്ങൾ.. ഒടുവിൽ പ്രതീക്ഷയുടെ ഒരു കുഞ്ഞു ജീവൻ..

കുമിഞ്ഞു കൂടുന്ന സമ്പത്തിനെ, വിഭജിച്ചു തെണ്ടികൾക്കു നൽകാതെ എങ്ങനെ സമത്വം വരും? തെണ്ടികൾക്കു എന്താണ് പ്രസക്തി..അധികം വരുന്ന സമ്പത്തിനു അർത്ഥം ഉണ്ടാവണമെങ്കിൽ അത് കൊതിയോടെ നോക്കാൻ തെണ്ടികൾ ഉണ്ടാവണമല്ലോ.. ഇല്ലെങ്കിൽ സമ്പത്തിനു എന്ത് മഹിമ..

വരും.. നാളെ ഒരു നാൾ.. ഈ ചുവപ്പിനും നിറം തോന്നും..

കുറിപ്പ് - 56 താളുകളിൽ നിങ്ങളുടെ ഹൃദയ താളം തെറ്റിക്കുന്ന കൃതി. കണ്ണുനീർ കരുതി വെക്കുക.
വാക്കുകൾക്ക് നൈർമല്യം കുറവെങ്കിൽ അതിനു കാരണം തകഴിയുടെ വിരലുകളിലെ ചുളിവുകൾ ആണ്.

പ്രസാധകർ - നാഷണൽ ബുക്സ്
വില - Rs. 70/-